എം.ജി. യൂണിവേഴ്സിറ്റി കണ്ടമാനം പണം സ്വരൂപിച്ച് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനാൽ എൻ.സി.ടി.ഇ. തടഞ്ഞതാണ്. അതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ആ വക പ്രശ്നങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് വളരെ കാര്യമായി ആലോചിക്കും. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കും എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, പ്രിൻസിപ്പാളിന് കാളിഫൈഡ് ആണെങ്കിൽ പന്ത്രണ്ടായിരം രൂപയും, ലക്ചറർമാർക്ക് എണ്ണായിരം രൂപയും ശമ്പളം കൊടുക്കണമെന്ന് ഗവൺമെന്റ് ഉത്തരവുണ്ടായിട്ടും ആ ഉത്തരവുപോലും കാറ്റിൽ പറത്തിക്കൊണ്ട് ശമ്പളം കൊടുക്കാതെ—എൻ.സി.ടി.ഇ.-യുടെ നിർദ്ദേശവുമുണ്ട് ഈ അദ്ധ്യാപകരെ പെർമനന്റ് ആക്കണമെന്ന്—അതും നോക്കാതെ എം.ജി. യൂണിവേഴ്സിറ്റി സ്വീകരിക്കുന്ന നടപടിക്കെതിരെ എന്തെങ്കിലും ശിക്ഷണ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; അതുപോലെ ഇത് അന്വേഷിക്കാൻ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയെ ഈ ഗവൺമെന്റ് നിയമിക്കുമോ?

ശ്രീ. നാലകത്ത് സൂപ്പി: യൂണിവേഴ്സിറ്റിക്കെതിരായി ഗവൺമെന്റിന് ശിക്ഷണ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയില്ല. ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാം. ഹയർ എഡ്യൂക്കേഷന്റെ സെക്രട്ടറിയെ അധികാരപ്പെടുത്തുന്നതു സംബന്ധിച്ച് യൂണിവേഴ്സിറ്റിയുമായി കൂടിയാലോചിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ നടപടിയെടുക്കാൻ പറ്റൂ.

(2) ഗൾഫ് രാജ്യങ്ങളിലേക്ക് ബജറ്റ് എയർലൈൻസും കപ്പൽ സർവ്വീസുകളും ഏർപ്പെടുത്തുന്നതിനും ഈ രാജ്യങ്ങളുടെ കോൺസുലേറ്റുകൾ കേരളത്തിൽ ആരംഭിക്കുന്നതിനും നടപടി

ശ്രീ. എം. മുരളി: സർ, നമ്മുടെ സമ്പദ്ഘടനയുടെ താങ്ങും തണലുമായ വിദേശ മലയാളികളിൽ 16 ലക്ഷംപേർ ഗൾഫ് രാജ്യങ്ങളിലാണ് ജോലിചെയ്യുന്നത്. ഇതിൽ ഏഴര ലക്ഷം പേരാണ് ശരാശരി ഒരുവർഷം കേരളത്തിൽ മൂന്ന് എയർപോർട്ടുകളിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേക്കും, തിരിച്ചും യാത്ര ചെയ്തുകൊണ്ടിരിക്കുന്നത്. എയർ ഇൻഡ്യയും, ഇൻഡ്യൻ എയർലൈൻസും മറ്റു വിമാന കമ്പനികളും അമിതമായ യാത്രാക്കൂലിയാണ് കേരളാ ഗൾഫ് സെക്ടറിൽ നിന്നും ഈടാക്കുന്നത് എന്നുള്ളത് ഒരു പുതിയ പരാതിയല്ല, ഇത് വർഷങ്ങളായിട്ട് ഉയർന്നുവന്ന പരാതിയാണ്. ഉൽസവകാലത്തും, വെക്കേഷൻ കാലത്തും ഈ വിമാനയാത്രാക്കൂലി ക്രമാതീതമായിട്ടാണ് എയർ ഇൻഡ്യയും, ഇൻഡ്യൻ എയർലൈൻസും മറ്റു കമ്പനികളും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഗൾഫ് മലയാളികളിൽ വളരെ കുറച്ചുപേർ മാത്രമാണ് സ്വർഗ്ഗജാതർ. ബഹുഭൂരിപക്ഷം ആളുകളും സാധാരണക്കാരും പാവപ്പെട്ടവരുമാണ്. ഭൂരിപക്ഷം വരുന്ന ഗൾഫ്

LIBRARY ARCHIVES Kerala Legislative Assembly

മലയാളികൾ സാധാരണ തൊഴിലാളികളും പണിക്കാരുമാണ്. രണ്ടു വർഷത്തിലൊരിക്കലോ, മൂന്നു വർഷത്തിലൊരിക്കലെങ്കിലുമോ നാട്ടിലും വീട്ടിലും വന്ന് ഉറ്റവരെയും, ഉടയവരെയും കാണാൻ ഇന്നത്തെ സാഹചര്യത്തിൽ ഈ പാവപ്പെട്ട പ്രവാസികൾക്ക് കഴിയുന്നില്ല. ഈ ദയനീയമായ സാഹചര്യത്തിൽ ഗൾഫിലെ കേരളീയരും പ്രവാസി സംഘടനകളും മുന്നോട്ടുവച്ച ഒരു പ്രധാന ആവശ്യമാണ് ബജറ്റ് എയർലൈൻസ് ആരംഭിക്കണമെന്നത്. ബഹുമാനപ്പെട്ട ചെയർ ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ചപ്പോൾ അങ്ങയുടെ മുമ്പിലും പ്രവാസി മലയാളി സംഘടനകൾ ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി. എക്കണോമി എയർലൈൻസ് അല്ലെങ്കിൽ ചീപ്പസ്റ്റ് എയർലൈൻസ് ആരംഭിക്കാൻ ഭാരതസർക്കാർ തീരുമാനം എടുത്തതാണ്. നമ്മുടെ വിമാനങ്ങളിൽ ഗൾഫ് മലയാളികൾക്ക്, സാധാരണക്കാരായ ഗൾഫ് മലയാളികൾക്ക് ആകാശ സുന്ദരിമാരുടെ പരിചരണം ആവശ്യമില്ല, വിഭവസമൃദ്ധമായ സദ്യയും അവർക്ക് ആവശ്യമില്ല. അവർക്ക് പരിമിതമായ യാത്രാക്കൂലി മാത്രം വാങ്ങിക്കൊണ്ട് രണ്ടുവർഷത്തിലൊരിക്കലെങ്കിലും നാട്ടിലും വീട്ടിലും വന്നിട്ട് തിരിച്ചുപോകാനുള്ള സാഹചര്യം ഉണ്ടാക്കണം. ബജറ്റ് എയർലൈൻസിനു വേണ്ടിയിട്ടുള്ള നിർദ്ദേശം കേന്ദ്ര സിവിൽ ഏവിയേഷൻ വകുപ്പ് തത്വത്തിൽ സ്വീകരിച്ചു. പക്ഷെ എയർ ഇൻഡ്യയും, ഇൻഡ്യൻ എയർലൈൻസും ഈ നിർദ്ദേശം പല കാരണങ്ങളും പറഞ്ഞ് തള്ളിക്കളഞ്ഞിരിക്കുകയാണ്. സിവിൽ ഏവിയേഷൻ വകുപ്പിന്റെ നിർദ്ദേശം തള്ളിയ എയർ ഇൻഡ്യക്ക് എതിരായിട്ട്, ഇൻഡ്യൻ എയർലൈൻസിനെതിരായിട്ട് ഗൾഫ് രാജ്യങ്ങളിൽ പ്രതിഷേധത്തിന്റെ അലയൊലി ആഞ്ഞടിക്കുകയാണ്. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിയുമായിട്ട് ഈ വിഷയം ചർച്ചചെയ്തുകൊണ്ട് സിവിൽ ഏവിയേഷൻ വകുപ്പ് അംഗീകരിച്ച ബജറ്റ് എയർലൈൻസ് എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു കാര്യം കൂടി പറയട്ടെ, ഷാർജ ഭരണകൂടം നടത്തുന്ന എയർ അറേബ്യ, അവർ ഷാർജയിൽ നിന്നും കൊളംബിയയ്ക്കുള്ള റൂട്ടിൽ 387 ദർഹംസിന് (5,000 രൂപയ്ക്ക്) വിമാന യാത്രാസൗകര്യം ഏർപ്പെടുത്തുന്നു. ദുബായിൽ നിന്നും, ഷാർജയിൽ നിന്നും കൊച്ചിക്കോ ട്രിവാൻഡ്രത്തേക്കോ ഉള്ള സെയിം ഡിസ്റ്റൻസാണ്. അപ്പോൾ അയ്യായിരം രൂപയ്ക്ക് അവർ എയർ അറേബ്യ വിമാനയാത്രാസൗകര്യം ഏർപ്പെടുത്തിക്കൊടുക്കുമ്പോൾ അതേ ദൂരം താണ്ടാൻ എയർ ഇൻഡ്യയും ഇൻഡ്യൻ എയർലൈൻസും കേരളാ സെക്ടറിലേക്കുള്ള മറ്റ് വിമാനക്കമ്പനികളും നാലിരട്ടി വിമാനയാത്രാക്കൂലിയാണ് ഈടാക്കുന്നത്. അതുകൊണ്ടുതന്നെ ഈ കാര്യത്തിൽ പ്രധാനമന്ത്രിയെ ഇടപെടുവിച്ചുകൊണ്ട് ബജറ്റ് എയർലൈൻസ് നടപ്പിലാക്കാൻ മുഖ്യമന്ത്രി നടപടി സ്വീകരിക്കണം, മുൻകയ്യെടുക്കണം. മുഖ്യമന്ത്രിയുടെ മുമ്പിൽ ഗൾഫ് മലയാളികളുടെ മൂന്ന് പ്രശ്നങ്ങൾ കൂടി ഞാൻ അവതരിപ്പിക്കുന്നു. കൊച്ചിയിൽ നിന്ന് ദുബായിലേക്ക് പരീക്ഷണാടിസ്ഥാനത്തിൽ ഏതാനും ദിവസങ്ങൾ യാത്ര കപ്പലുകൾ ഏർപ്പെടുത്തുകയുണ്ടായി. അത് വലിയ വിജയമായിരുന്നു, പക്ഷെ പൊടുന്നനവേ നിർത്തി. സാദ്ധ്യമായ എല്ലാ ഗൾഫ് രാജ്യങ്ങളിലേക്കും, ദുബായ്

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെ എല്ലാ ഗൾഫ് രാജ്യങ്ങളിലേക്കും കേന്ദ്ര ഷിപ്പിംഗ് കോർപ്പറേഷനെ കൊണ്ടോ, അല്ലെങ്കിൽ ഗൾഫിൽ തന്നെയുള്ള സ്വകാര്യ സംരംഭകർ മുന്നോട്ടു വന്നിട്ടുണ്ട്. അവരെ ആശ്രയിച്ചോ യാത്രകപ്പലുകൾ ഏർപ്പെടുത്താൻ പ്രധാനമന്ത്രിയോട് ചർച്ച ചെയ്തുകൊണ്ട് വേണ്ട നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഗൾഫ് നാടുകളിലെ പ്രവാസി ഭാരതീയരിൽ എഴുപത്തിയഞ്ച് ശതമാനവും മലയാളികളാണ്. ഇപ്പോൾ അറ്റസ്റ്റേഷന്റെ പ്രശ്നം ഉണ്ടായി. സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്ന കാര്യത്തിൽ മലയാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്, കേരളീയരുടെ ശ്രദ്ധയിലുണ്ട്. വിദേശ രാജ്യങ്ങൾ കേരളത്തിൽ അവരുടെ കോൺസുലേറ്റുകൾ തുടങ്ങാൻ തയ്യാറാണ്. ഒമാൻ ഗവൺമെന്റ് തിരുവനന്തപുരത്ത് കോൺസുലേറ്റ് തുടങ്ങാൻ മുന്നോട്ടുവരും. പക്ഷെ കേന്ദ്ര ഗവൺമെന്റ് എതിർക്കുകയാണ്. വിദേശ ഗൾഫ് രാജ്യങ്ങൾ മലയാളികളെ ലക്ഷ്യംവച്ചുകൊണ്ടു തന്നെ തിരുവനന്തപുരത്തോ, കേരളത്തിലോ കോൺസുലേറ്റുകൾ തുടങ്ങാൻ ഒമാൻ ഉൾപ്പെടെ മുന്നോട്ടുവന്ന സാഹചര്യത്തിൽ, ആ കോൺസുലേറ്റുകൾ കേരളത്തിൽ ആരംഭിച്ചുകൊണ്ട് കേരളീയർക്ക് ആശ്വാസം ഉണ്ടാക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കണം, മുഖ്യമന്ത്രി മുൻകയ്യെടുക്കണം. ഒരു കാര്യം കൂടി, അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഗൾഫിലുള്ള അവിദഗ്ദ്ധരായ പത്തു ലക്ഷം മലയാളികളായ തൊഴിലാളികളുണ്ട്. അവരെക്കൂടി ഉൾപ്പെടുത്താൻ മുഖ്യമന്ത്രി മുൻകയ്യെടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകളവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന മലയാളികളുടെ പ്രധാനപ്പെട്ട പല പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. കേരളത്തിന്റെ സമ്പദ്ഘടന പ്രധാനമായും പിടിച്ചുനിറുത്തുന്നത് ഗൾഫിൽ പണിയെടുക്കുന്ന മലയാളികൾ നാട്ടിലേക്ക് അയയ്ക്കുന്ന മണിയോർഡറുകളും, ഡ്രാഫ്റ്റുകളും, മറ്റ് സഹായങ്ങളുമാണ്. കേരളത്തിൽ നടക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളിലും, എല്ലാ നല്ല കാര്യങ്ങളിലും വളരെ ഉദാരമായ സഹായമാണ് ഗൾഫ് മലയാളികളിൽ നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വിദൂരത്തിൽപ്പോയി പണിയെടുക്കുമ്പോഴും അവർ നാടിനെ സ്നേഹിക്കുകയും എല്ലാ കാര്യങ്ങളിലും സഹകരിക്കുകയും ചെയ്യുന്നു. ഗൾഫിൽ പണിയെടുക്കുന്ന മലയാളി സഹോദരൻമാർ പണിയെടുക്കുന്ന മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും അതുപോലെ അവരെ അലട്ടുന്ന മറ്റ് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും കേരളാ ഗവൺമെന്റ് പരമാവധി നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാം വിജയിച്ചു എന്ന് ഞാൻ പറയുന്നില്ല. ഏറ്റവും ഒടുവിൽ ഈ അറ്റസ്റ്റേഷന്റെ പ്രശ്നത്തിനുതന്നെ പ്രധാനമന്ത്രിയെ നേരിട്ടുകണ്ട് അദ്ദേഹംകൂടി ഇടപെട്ടതിന്റെ ഫലമായിട്ടാണ് പരിഹാരമുണ്ടാക്കാൻ സാധിച്ചത്. ഗവൺമെന്റ്, ഗൾഫ് മലയാളികൾ ഉന്നയിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഓരോ പ്രശ്നവും ഏറ്റവും പ്രധാനപ്പെട്ട അജണ്ടയായിട്ട് ഏറ്റെടുത്തുകൊണ്ട് പരിഹരിക്കാൻ ശ്രമിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നം ഈ ഗവൺമെന്റ് ഏറ്റവും പ്രാധാന്യം നൽകി കേന്ദ്രത്തിലെ ഏറ്റവും ഹൈയസ്റ്റ് ലെവലിൽ പ്രധാനമന്ത്രിയടക്കമുള്ള കേന്ദ്രമന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തി പരമാവധി വേഗതയിൽ പരിഹാരമുണ്ടാക്കാനുള്ള ആത്മാർത്ഥമായ ശ്രമം നടത്തുമെന്ന് ഞാൻ ബഹുമാനപ്പെട്ട മെമ്പർക്കും സഭയ്ക്കും ഉറപ്പുനൽകുകയാണ്. കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാന യാത്രാക്കൂലി വർദ്ധിച്ച നിരക്കിലുള്ളതാണെന്നും ഇത് ന്യായീകരിക്കാൻ സാധിക്കാത്തതും അടിയന്തിരമായി ക്രമീകരിക്കേണ്ടതുമാണെന്നുള്ള പരാതി ദീർഘകാലമായിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലുള്ള എയർ ഇൻഡ്യ, ഇൻഡ്യൻ എയർലൈൻസ് വിമാനങ്ങൾ, ഉയർന്ന നിരക്കിലുള്ള യാത്രാക്കൂലി ഈടാക്കുന്നത് കേരളത്തിൽ നിന്നുള്ള സാധാരണക്കാരായ യാത്രക്കാർക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെട്ട് ദൂരത്തിന്റെ അടിസ്ഥാനത്തിൽ യാത്രാക്കൂലി നിജപ്പെടുത്തി ഗൾഫ് യാത്രക്കാരായ സാധാരണക്കാർക്ക് ആശ്വാസം നൽകണമെന്ന് മുഖ്യമന്ത്രിയും നോർക്കാ വകുപ്പുമന്ത്രിയും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പലതവണ നിവേദനത്തിലൂടെ കൊണ്ടുവന്നിട്ടുണ്ട്. ഇതുകൂടാതെ 25-1-2004-ൽ എയർ ഇൻഡ്യ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ. തുളസീദാസുമായി തിരുവനന്തപുരത്ത് മുഖ്യമന്ത്രിയും നോർക്കാ വകുപ്പുമന്ത്രിയും നടത്തിയ ചർച്ചയിൽ ഇക്കാര്യം ഉന്നയിക്കുകയുണ്ടായി. ബജറ്റ് എയർലൈൻസ് എന്ന ആശയം ഇപ്പോഴും നിലവിലുണ്ടെന്നും അത് പ്രാവർത്തികമാക്കുവാൻ പരമാവധി ശ്രമിക്കുമെന്നുമുള്ള ഉറപ്പ് അദ്ദേഹം നൽകിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളുടെ കോൺസുലേറ്റുകൾ കേരളത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. ഇതിലേക്ക് മുഖ്യമന്ത്രി അന്നത്തെ കേന്ദ്ര വിദേശകാര്യമന്ത്രിയായിരുന്ന ശ്രീ. ജസ്വന്ത്സിംഗിനോട് കത്തുമൂലം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കത്തിന് ലഭിച്ച മറുപടിയിൽ ഒമാൻ ഗവൺമെന്റ് കേരളത്തിൽ ഒരു കോൺസുലേറ്റ് തുടങ്ങുന്നതിന് സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ടെന്നും എന്നാൽ വിദേശരാജ്യങ്ങളുടെ കോൺസുലേറ്റുകൾ ഇൻഡ്യയിലെ മെട്രോപോളിറ്റൻ നഗരങ്ങളിൽ മാത്രമേ ആരംഭിക്കുകയുള്ളൂ എന്നുമാണ് കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാട്. ഈ നിലപാട് മാറ്റുന്നതിനുവേണ്ടി ഇനിയും കേന്ദ്രത്തിൽ നിരന്തരമായ സമ്മർദ്ദം ചെലുത്തും. മെട്രോപോളിറ്റൻ നഗരങ്ങളിൽനിന്നു മാത്രമല്ല, ഗൾഫിൽ ഏറ്റവും കൂടുതൽ ഇൻഡ്യാക്കാർ പോയിട്ടുള്ളത് കേരളത്തിൽ നിന്നാണ്. അതുകൊണ്ട് കേരളത്തിന്റെ ഈ പ്രത്യേകത കണക്കിലെടുത്തുകൊണ്ട് കേരളത്തിൽ നിർബന്ധമായും ഗൾഫ് രാജ്യങ്ങളുടെ കോൺസുലേറ്റുകൾ തുടങ്ങുന്നതിനുള്ള സമ്മർദ്ദം സംസ്ഥാന ഗവൺമെന്റ് തുടർന്നും നടത്തുന്നതാണ്. അതുപോലെതന്നെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഗൾഫിലുള്ള അവിദഗ്ദ്ധരായ മലയാളികളായ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള സമ്മർദ്ദം ചെലുത്താൻ സംസ്ഥാന ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. അങ്ങനെ ഗൾഫിലെ മലയാളി സുഹൃത്തുക്കൾ മുന്നോട്ടുവയ്ക്കുന്ന എല്ലാ പ്രശ്നങ്ങളിലും പരമാവധി താൽപ്പര്യം ഗവൺമെന്റ് എടുക്കും. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നങ്ങളെല്ലാം അതീവ ഗൗരവത്തോടുകൂടി ഗവൺമെന്റ് ഏറ്റെടുത്ത് കേന്ദ്രത്തിൽ നിന്ന് അതിനെല്ലാം അംഗീകാരം വാങ്ങുന്നതിനുവേണ്ടി ശ്രമിക്കും എന്നു ഞാൻ ഈ അവസരത്തിൽ ഉറപ്പു പറയാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. മുരളി: സർ, ഈ പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഈ നടപ്പു സമ്മേളനം കഴിഞ്ഞാലുടൻ അങ്ങ് പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തിരമായ പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞതിൽ നന്ദിയുണ്ട്. ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഗൾഫ് മലയാളികളുടെ ജീവൽപ്രധാനമായ ഈ പ്രശ്നങ്ങൾ നേരിട്ടുമനസ്സിലാക്കാൻവേണ്ടി അങ്ങ് ഗൾഫ് നാടുകൾ സന്ദർശിക്കാൻ തയ്യാറാകണമെന്നാണ്.

ശ്രീ. എ. കെ. ആന്റണി: ഗൾഫ് നാടുകൾ ഇതുവരെ സന്ദർശിച്ചിട്ടില്ലായെങ്കിലും ഗൾഫ് നാടുകളിലെ മലയാളികളുടെ എല്ലാ പ്രശ്നങ്ങളും എന്റെ മനസ്സിൽ ഏറ്റവും കാര്യമായി പതിഞ്ഞിട്ടുണ്ട്. കാരണം അവരാണ് കേരളത്തെ രക്ഷിക്കുന്നവർ. കേരളത്തിന്റെ സമ്പദ്ഘടനയെ പ്രധാനമായും സഹായിക്കുന്ന ഏറ്റവും വലിയ ഘടകം ഗൾഫ് മലയാളികളാണ്. അതുകൊണ്ട് അവരുടെ പ്രശ്നങ്ങൾ നമ്മുടെ പ്രശ്നങ്ങളാണ്; ഗവൺമെന്റിന്റെ പ്രശ്നങ്ങളാണ്. ഇവിടെയിരുന്നുകൊണ്ടുതന്നെ അതിനുവേണ്ടി എല്ലാ കാര്യങ്ങളും ചെയ്യും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പിന്നീട് നമുക്ക് ആലോചിക്കാം.

മി. സ്പീക്കർ: അങ്ങയെ ഒന്ന് അയയ്ക്കണമെന്ന് എന്നോടും അവർ പറഞ്ഞു.

VI സബ്മിഷൻ

(1) വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. എ. കെ. ബാലൻ: സർ, ഇതൊരു കാളിംഗ് അറ്റൻഷൻ ആയിട്ട് എനിക്ക് തരേണ്ടതായിരുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു ഇഷ്യൂ ആണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് വ്യവസായ മേഖലയിൽ 40 വൻകിട ഇടത്തരം സ്ഥാപനങ്ങളും, 150-ഓളം ചെറുകിട വ്യവസായ യൂണിറ്റുകളും പ്രതിസന്ധി കാരണം അടച്ചുപൂട്ടി. ഇതുമൂലം പതിനൊന്നായിരത്തോളം വരുന്ന തൊഴിലാളികൾ ഇപ്പോൾ പട്ടിണിയിലാണ്. ഈ സഭ നടക്കുന്ന അവസരത്തിലാണ് ബി.പി.എൽ. സാനിയോ കമ്പനി അടച്ചുപൂട്ടിയത്. ടാറ്റയുടെ